Circular No. 175
ഐക്യം 2015

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 24-09-2015

ബഹു. അച്ചാ, ഈശോയിൽ പ്രിയ സഹോദരങ്ങളേ, യുവ ജന സുഹൃത്തുക്കളേ,

സഭയുടേയും സമുദായത്തിന്റേയും ചൈതന്യവത്തായ സമ്പത്താണ് യുവജനങ്ങൾ. അവരുടെ ഊർജ്ജവും നന്മകളും ക്രിയാത്മകമായി ചലിപ്പിക്കുമ്പോഴാണ് രാഷ്ട്രവും സഭയും അഭിമാനകരമായ നേട്ടം കൈവരിക്കുന്നത്. 2020 ലെത്തുമ്പോൾ ഇന്ത്യയിലെ യുവജനങ്ങളുടെ എണ്ണം മറ്റു രാജ്യങ്ങളിലേക്കാൾ ഗണ്യമായി വർദ്ധിക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ദൈവവിശ്വാസവും സമുദായ ബോധവും സ്വഭാവശുദ്ധിയും ഗുണപരമായ വിദ്യാഭ്യാസവും അച്ചടക്കവും ദേശീയ ബോധവുമുള്ള യുവജനങ്ങളെ ഭാവിക്കായി സജ്ജമാക്കേണ്ടത് നമ്മുടെയും ചുമതലയാണ്. സഭ എക്കാലവും യുവജനങ്ങളുടെ സമഗ്ര ക്ഷേമത്തിനും പരിശീലനത്തിനും ബദ്ധശ്രദ്ധയായിരുന്നു. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ നേതൃത്വത്തിൽ സമാരംഭിച്ച ലോക യുവജന ആഘോഷങ്ങൾ മൂന്ന് പതിറ്റാണ്ടുകൾ പിന്നിട്ടു കഴിഞ്ഞു. യുവജനങ്ങളുടെ ഈ കൂടിവരവുകൾ അവരുടെ വിശ്വാസത്തിന്റെ പ്രതീകവും, സൗഹൃദങ്ങളുടെ ഊഷ്മളതയും സഭയോടൊത്തുള്ള ജീവിതത്തിന്റെ ആനന്ദവും സ്വീകരിക്കുന്ന അവിസ്മരണീയമായ അനുഭവമായി മാറിക്കൊണ്ടിരിക്കുന്നു.

ആഗോള യുവജന ദിനാഘോഷങ്ങളുടെ ചുവടുപിടിച്ച് അതിരൂപതാ കെ.സി.വൈ.എൽ സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 23, 24 തീയതികളിൽ ഉഴവൂരിൽ വച്ച് ഒരു ആഗോള ക്നാനായ യുവജന കൺവൻഷൻ - "ഐക്യം 2015"- സംഘടിപ്പിക്കുകയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ലോകത്തിലെ വിവിധ രാജ്യങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന ക്നാനായ യുവജനങ്ങൾ രണ്ടു ദിവസങ്ങളിലായി വിശ്വാസത്തിന്റേയും സമുദായ അവബോധത്തിന്റെയും ഈ തീർത്ഥാടനത്തിൽ ഒത്തുചേരുമ്പോൾ അതിരൂപതയൊന്നാകെ ഈ സംരംഭത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും വേണം.

"ഐക്യം 2015" ൽ ഏകദേശം 1300 ഓളം യുവജനങ്ങൾ സമ്മേളിക്കുമ്പോൾ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരുടെയും ബഹു. വൈദികരുടേയും സമർപ്പിതരുടേയും അത്മായരുടേയും നേതൃത്വവും സഹകരണവും സാന്നിദ്ധ്യവും ഈ രണ്ടു ദിവസങ്ങളിലും യുവജനങ്ങൾക്ക് ശക്തി പകരും. വിശ്വാസത്തിൽ ആഴപ്പെടുവാനും സമുദായ അവബോധം വളർത്താനും ആരോഗ്യകരമായ സൗഹൃദങ്ങൾ രൂപപ്പെടുത്താനും സഭയോടൊത്ത് ആയിരിക്കുന്നതിന്റെ ആനന്ദം അനുഭവിക്കാനും ജീവിതത്തെക്കുറിച്ച് നല്ല കാഴ്ചപ്പാടുകൾ വളർത്താനും ഉതകുന്ന പരിപാടികളാണ് ഈ സംഗമത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. വ്യക്തമായ ലക്ഷ്യത്തോടെ നടത്തപ്പെടുന്ന ഈ കൺവൻഷൻ ഏറ്റവും ചിട്ടയായും അച്ചടക്കത്തോടും കൂടിയാണ് സംഘടിപ്പിക്കേണ്ടത് എന്നതുകൊണ്ട് മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ള യുവജനങ്ങൾക്ക് മാത്രമായിരിക്കും കൺവൻഷനിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്.

നമ്മുടെ സമുദായ നേതാക്കളെല്ലാം വളർന്നു വന്നിട്ടുള്ളത് കെ.സി.വൈ.എൽ സംഘടനാ പ്രവർത്തനങ്ങളിലൂടെയാണ്. വിശ്വാസ തീഷ്ണതയും ശരിയായ സമുദായ ബോധവും വിദ്യാഭ്യാസവും നേതൃപാടവമുള്ള യുവജനങ്ങൾ അതിരൂപതയുടെ സമ്പത്താണ്. ആഗോള മാറ്റങ്ങളിൽ അതിന്റെ സർവ്വസ്വാധീനങ്ങളിലൂടെയും നമ്മുടെ യുവജനങ്ങൾ ഈ കാലഘട്ടത്തിൽ കടന്നുപോകുമ്പോൾ അവർ വലിയ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന കാര്യം നാം ഓർമ്മിക്കണം.

പന്തക്കുസ്താ ദിനത്തിൽ പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെ മേൽ ഇറങ്ങിവന്നപ്പോൾ അവർക്ക് തീഷ്ണതയുള്ള പ്രേഷിതരാകാൻ പ്രചോദനം ലഭിച്ചതുപോലെ നമ്മുടെ യുവജനങ്ങൾ ആത്മാവിനാൽ നിറഞ്ഞ് തീഷ്ണതയുള്ളവരാകാൻ നമുക്ക് പ്രാർത്ഥിക്കാം. ബഹു. വൈദികരുടേയും സമർപ്പിതരുടേയും അത്മായരുടേയും നേതൃത്വവും സഹകരണവും സാന്നിദ്ധ്യവും കൺവൻഷൻ ദിനങ്ങളിൽ ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ഇടവകാതിർത്തിക്ക് വെളിയിൽ ഉയർന്ന വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്ന യുവതീയുവാക്കളെയും ഇടവകയിലൂടെ രജിസ്റ്റർ ചെയ്യിക്കണമെന്ന് ബഹു. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തുന്നു. ഇതിന്റെ വിജയത്തിനായി നൽകിയിരിക്കുന്ന പ്രാർത്ഥന, വീടുകളിലും/സ്ഥാപനങ്ങളിലും

പ്രാർത്ഥനാവേളയിലും വി. കുർബ്ബാനയുടെ കാറോസൂസയുടെ സമയത്തും ഉപയോഗിക്കേണ്ടതാണ്. ഉഴവൂർ ഫൊറോനയിലെ കുടുംബങ്ങൾ കൺവൻഷനിൽ സംബന്ധിക്കുന്ന യുവജനങ്ങൾക്ക് താമസ സൗകര്യം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. കൺവൻഷന്റെ ചെലവിലേക്കായി കെ.സി.വൈ.എൽ സംഘടന നൽകുന്ന സമ്മാനക്കൂപ്പൺ സ്വീകരിച്ച് അവരെ പ്രോത്സാഹിപ്പിക്കുമല്ലോ. കൂടാതെ സാധിക്കുന്ന ഇടവകകൾ ഇതിന്റെ ഓരോ ചിലവുകൾ ഏറ്റെടുക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

പ്രാർത്ഥന കൊണ്ടും സഹായ സഹകരണം കൊണ്ടും നമുക്ക് ഈ യുവജന ഐക്യത്തിൽ പങ്കുചേരാം. പ്രിയ യുവജനങ്ങളെ, സഭയൊന്നാകെ നിങ്ങളോടൊത്ത് ഈ തീർത്ഥാടനത്തിൽ അനുയാത്ര ചെയ്യുകയാണ്. വേണ്ടത്ര ഒരുക്കത്തോടെയും ലക്ഷ്യബോധത്തോടെയും "ഐക്യം 2015" ൽ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുവാൻ ആഹ്വാനം ചെയ്യുന്നു. കൺവൻഷന്റെ വിജയത്തിനായി ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

ഇശോയിൽ സ്നേഹപൂർവ്വം,

✠ **മാർ ജോസഫ് പണ്ടാരശ്ശേരിൽ**
കോട്ടയം അതിരൂപതാ സഹായമെത്രാൻ

---

NB: ഈ സർക്കുലർ ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.